REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-12-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- പാർലമെന്റ് ശീതകാല സമ്മേളനത്തിന്റെ രണ്ടാം ദിവസവും SIR വിഷയത്തിൽ പ്രതിപക്ഷ ബഹളം - ഇരുസഭകളും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു.
- നാവികസേനാ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു നാളെ തിരുവനന്തപുരത്ത് എത്തും.
- തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പിന് പരസ്യ പ്രചാരണം അവസാനിക്കാൻ അഞ്ച് ദിവസം ശേഷിക്കെ സ്ഥാനാർത്ഥികൾ വോട്ടുറപ്പിക്കുന്ന തിരക്കിൽ.
- ഇന്ന് ദേശീയ മലിനീകരണ പ്രതിരോധ ദിനം.
- സൂപ്പർ കേരള ഫുട്ബോളിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ്, തൃശൂർ മാജിക് FC യെ നേരിടും.

## വാർത്തകൾ വിശദമായി

SIR വിഷയത്തിൽ പാർലമെന്റിന്റെ ഇരുസഭകളിലും രണ്ടാം ദിവസമായ ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു.

രാവിലെ 11 ന് ലോക്സഭ സമ്മേളിച്ചപ്പോൾ ജോർജിയൻ പാർലമെന്റ് പ്രസിഡണ്ട് ഷാൽവ പാപ്പുഷ് വിലിയുടെ നേതൃത്വത്തിലെ പാർലമെന്ററി പ്രതിനിധി സംഘത്തെ ലോക്സഭാ സ്പീക്കർ ഓം ബിർള സ്വാഗതം ചെയ്തു. സംഘത്തിന്റെ ഇന്ത്യാ സന്ദർശനം, ഇരുരാജ്യങ്ങളും തമ്മിലെ ആഴമേറിയ ബന്ധത്തിന്റെ പ്രതീകമാണെന്ന് ഓം ബിർള പറഞ്ഞു. രണ്ടു

രാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി സഹകരണവും, ബന്ധവും കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം അറിയിച്ചു.

ലോക്സഭ ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷ അംഗങ്ങൾ SIR വിഷയമുയർത്തി മുദ്രാവാക്യം വിളിച്ചു. ബഹളത്തിനിടയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മന്ത്രിമാർ മറുപടി നൽകി. എന്നാൽ പ്രതിപക്ഷം മുദ്രാവാക്യം വിളിയുമായി നടുത്തളത്തിലിറങ്ങിയതോടെ സ്പീക്കർ സഭാ നടപടി നിർത്തി വെക്കുകയായിരുന്നു.

✪✪✪

SIR വിഷയത്തിൽ പാർലമെന്റ് നടപടികൾ തടസ്സപ്പെടുത്തിയതിന് പ്രതിപക്ഷ പാർട്ടി നേതാക്കളെ കേന്ദ്രമന്ത്രി കിരൺ റിജിജു വിമർശിച്ചു. പാർലമെന്റ് നടപടി ക്രമങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും, പ്രതിപക്ഷം ഉന്നയിക്കുന്ന വിഷയങ്ങളിൽ ഗവൺമെന്റ് ചർച്ച നടത്തുമെന്നും അദ്ദേഹം പാർലമെന്റിനു പുറത്ത് മാധ്യമങ്ങളോടു പറഞ്ഞു. എന്നിട്ടും പ്രതിപക്ഷം പാർലമെന്റ് പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയാണെന്നും, മന്ത്രി ആരോപിച്ചു.

അതേസമയം രാഹുൽഗാന്ധി, സോണിയാഗാന്ധി, പ്രിയങ്കാഗാന്ധി തുടങ്ങിയ നേതാക്കൾ പാർലമെന്റിന് പുറത്ത് SIR വിഷയത്തിൽ ഗവൺമെന്റിനെതിരെ രാവിലെ പ്രതിഷേധ പ്രകടനം നടത്തി.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു നാളെ തിരുവനന്തപുരത്ത് നാവികസേനാ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. പരിപാടിയുടെ ഒരുക്കങ്ങൾ തിരുവനന്തപുരത്ത് പൂർത്തിയായി.

✪✪✪

ശംഖുമുഖത്ത് നാവികസേനാ ദിനാ ഘോഷത്തോടനുബന്ധിച്ച് നാളെ തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. ഉച്ചയ്ക്ക് 12 മുതലാണ് ഗതാഗത നിയന്ത്രണം.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്....

.....(വോയ്സ്).........

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പിന് പരസ്യ പ്രചാരണം അവസാനിക്കാൻ അഞ്ച് ദിവസം ശേഷിക്കെ സ്ഥാനാർത്ഥികൾ വോട്ടുറപ്പിക്കുന്ന തിരക്കിലാണ്.  ഈ മാസം ഏഴിന് വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും. എട്ടിന് നിശബ്ദ പ്രചാരണത്തിന് ശേഷം ആദ്യഘട്ട വോട്ടെടുപ്പിനായി ഒൻപതിന് സമ്മതിദായകർ പോളിംഗ് ബൂത്തിലേക്ക് പോകും. ത്രിതല പഞ്ചായത്ത് സ്ഥാനാർത്ഥികളുടെ സംയുക്ത പര്യടനം സംസ്ഥാനത്തെങ്ങും പുരോഗമിക്കുകയാണ്. നേതാക്കളും പ്രവർത്തകരും സ്വീകരണ യോഗങ്ങളിൽ ജനപങ്കാളിത്തമുണ്ടാക്കാൻ അരയും തലയും മുറുക്കി സജീവ പ്രവത്തനത്തിലാണ്.

✪✪✪

സംസ്ഥാനത്തെ SIR നടപടികൾ നീട്ടിവെക്കണ മെന്നാവശ്യപ്പെട്ട് കേരളം നൽകിയ ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിച്ചേക്കും. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്. തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ ഭരണ പ്രതിസന്ധിയുണ്ടാകുമെന്നും,  SIR നീട്ടിവെക്കണമെന്നുമാണ് സംസ്ഥാന ചീഫ് സെക്രട്ടറി  സമർപ്പിച്ച റിട്ട് ഹർജിയിൽ ഉന്നയിച്ചത്.  എന്നാൽ മാറ്റിവെക്കില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എതിർസത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

✪✪✪

ഊർജ്ജം, രാജ്യരക്ഷ, വ്യാപാരം എന്നീ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്താൻ അമേരിക്കയിലെ ഇന്ത്യൻ അംബാസിഡർ വിനയ് ക്വത്ര US ലെ നിയമ വിദഗ്ധരുമായി ചർച്ച നടത്തി. വാഷിംഗ്ടണിൽ അംബാസിഡറുടെ ഔദ്യോഗിക വസതിയിൽ US സെനറ്റർമാരുമായി നടത്തിയ ചർച്ച ഇരുരാജ്യങ്ങളും തമ്മിലെ ശക്തമായ ബന്ധത്തിന് പിന്തുണ നൽകുമെന്ന് വിനയ് ക്വത്ര അറിയിച്ചു.

✪✪✪

ഇന്ന് ദേശീയ മലിനീകരണ പ്രതിരോധ ദിനം. 1984 ലെ ഭോപ്പാൽ വ്യാവസായിക ദുരന്തത്തിന്റെ ഓർമ്മയ്ക്കായാണ് ഡിസംബർ 2 ദേശീയ മലിനീകരണ പ്രതിരോധ ദിനമായി ആചരിക്കുന്നത്.

വായു, ജലം, മണ്ണ് എന്നിവയിലെ മലിനീകരണത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് അവബോധം നൽകാനും, വ്യാവസായിക

അപകടങ്ങൾ തടയാനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടാണ് ദിനാചരണം.

✪✪✪

കടുവാ സെൻസസിന് ബോണക്കാട് വനത്തിൽ പോയി കാണാതായ മൂന്ന് ഉദ്യോഗസ്ഥരെയും കണ്ടെത്തി. പാലോട് ഫോറസ്റ്റ് ഓഫീസിലെ ഫോറസ്റ്റർ വിനീത, ബീറ്റ് ഫോറസ്റ്റ് ഓഫീസർ രാജേഷ്, വാച്ചർ രാജേഷ് എന്നിവരെയാണ് രാവിലെയോടെ ഈരാറ്റുമുക്കിൽ കണ്ടെത്തിയത്. ഇവർക്ക് വഴി തെറ്റിയതാണെന്ന് ഫോറസ്റ്റ് അധികൃതർ വ്യക്തമാക്കി.

ഇന്നലെ രാവിലെയാണ് ഇവർ കടുവ സെൻസസ് എടുക്കാൻ കാട്ടിലേക്ക് പോയത്.

✪✪✪

ദിത്വ ചുഴലിക്കാറ്റിന്റെ തീവ്രത കുറഞ്ഞ് ന്യൂനമർദ്ദമായി മാറി. ബംഗാൾ ഉൾക്കടലിന്റെ തെക്കു-പടിഞ്ഞാറും സമീപപ്രദേശങ്ങളിലും, വടക്കൻ തമിഴ്നാട് തീരത്തും, തെക്കൻ ആന്ധ്രാപ്രദേശ് തീരങ്ങളിലും കാറ്റിന്റെ വേഗം മണിക്കൂറിൽ മൂന്ന് കിലോമീറ്ററായി കുറഞ്ഞു,

✪✪✪

ശബരിമലയിൽ രാവിലെ 11 വരെ 38,153 തീർഥാടകർ ദർശനത്തിനെത്തി. സ്പോട്ട് ബുക്കിംഗിലൂടെ 5,190 പേരും, വെർച്വൽ ക്യൂ വഴി 32,963 പേരുമാണ് ദർശനം നടത്തിയത്.

വെർച്വൽ ക്യൂവിലൂടെ ബുക്കുചെയ്ത് എത്തുന്നവർ അതത് ദിവസങ്ങളിൽ എത്താൻ ശ്രദ്ധിക്കണമെന്നും തീയതി മാറി എത്തുന്നത് തിരക്കിനു കാരണമാകുന്നതായും ADGP S.ശ്രീജിത്ത് പറഞ്ഞു. ഇത് അനുവദിക്കാൻ കഴിയില്ലെന്ന് അദ്ദേഹം പത്തനംതിട്ടയിൽ അറിയിച്ചു.

✪✪✪

ശബരിമല സ്വർണക്കൊള്ളയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A പത്മകുമാറിന്റെ ജാമ്യഹർജി കോടതി ഇന്ന് പരിഗണിച്ചേക്കും. കൊല്ലം വിജിലൻസ് കോടതിയാണ് ഹർജി പരിഗണിക്കുന്നത്.

✪✪✪

കണ്ണൂർ പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രത്തിലെ അഞ്ചു ദിവസത്തെ ഉത്സവത്തിന് കൊടിയേറി. രാവിലെ മാടമന ഇല്ലത്ത് നാരായണൻ

**നമ്പൂതിരി കൊടിയേറ്റിയത്. ആറിന് കലശാട്ടത്തോടുകൂടി ഉത്സവം സമാപിക്കും. എല്ലാ ദിവസവും തിരുവപ്പനയും വെള്ളാട്ടവും ഉണ്ടാവും.**

✪✪✪

**സൂപ്പർ കേരള ഫുട്ബോളിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ്, തൃശൂർ മാജിക് FC യെ നേരിടും. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം. ഇന്നത്തെ മത്സരം ആശ്രയിച്ചാണ് സെമി ലൈനപ്പ് നിർണയിക്കുക.**

✪✪✪

**ലക്നൗവിൽ സയ്യിദ് മുഷ്താഖലി ട്വന്റി-20 ക്രിക്കറ്റ് ടൂർണമെന്റിൽ കേരളം ഇന്ന് വിദർഭയെ നേരിടും. വൈകിട്ട് നാലരയ്ക്കാണ് മത്സരം.**

**മൂന്ന് കളിയിൽ രണ്ടെണ്ണം ജയിച്ച കേരളം എട്ട് പോയിന്റുമായി രണ്ടാം സ്ഥാനത്താണ്. 12 പോയിന്റുമായി മുംബൈയാണ് ഒന്നാമത്.**

✪✪✪

**റായ്പൂരിൽ രണ്ടാം ഏകദിന ക്രിക്കറ്റിൽ ഇന്ത്യ നാളെ ദക്ഷിണാഫ്രിക്കയെ നേരിടും. ഉച്ചക്ക് 1.30 നാണ് മത്സരം.**

✪✪✪

**ചിലിയിൽ വനിതാ FIH ഹോക്കി ജൂനിയർ ലോകകപ്പിൽ ഇന്ത്യ, നമീബിയയെ പരാജയപ്പെടുത്തി. വിജയത്തോടെ ഇന്ത്യ പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തേക്ക് ഉയർന്നു.**

**ഇന്ത്യ നാളെ ജർമ്മനിയെ നേരിടും.**

✪✪✪

**ഇന്ത്യൻ വനിതാ ഹോക്കി ടീമിന്റെ മുഖ്യ പരിശീലകൻ ഹരേന്ദ്രസിംഗ് വ്യക്തിപരമായ കാരണങ്ങളാൽ പരിശീലക സ്ഥാനമൊഴിഞ്ഞു. ടീമിനെ പരിശീലിപ്പിച്ചത് കരിയറിലെ മികച്ച അനുഭവമായിരുന്നുവെന്നും, തുടർന്നും ഇന്ത്യൻ ഹോക്കിയ്ക്ക് പിന്തുണ നൽകുമെന്നും അദ്ദേഹം പറഞ്ഞു. പകരക്കാരനെ ഉടൻ പ്രഖ്യാപിക്കുമെന്നും ഹോക്കി ഇന്ത്യ പ്രസിഡണ്ട് ദിലീപ് ടിർക്കെ അറിയിച്ചു. കഴിഞ്ഞ വർഷം ചുമതലയേറ്റ ഹരേന്ദ്ര സിംഗിന്റെ നേതൃത്വത്തിലാണ് ഇന്ത്യ, ഏഷ്യൻ വനിതാ ചാമ്പ്യൻസ് ട്രോഫി നേടിയത്.**

✪✪✪

ICC വനിതാ ലോകകപ്പിലെ മികച്ച പ്രകടനത്തിന് അംഗീകാരമായി റെയിൽവേ മൂന്ന് വനിതാ ക്രിക്കറ്റ് താരങ്ങൾക്ക് സ്ഥാനക്കയറ്റം നൽകി. പ്രതീക റാവൽ, സ്നേഹറാണ, രേണുക സിംഗ് താക്കൂർ എന്നിവർക്കാണ് ഗ്രൂപ്പ് B Officer - grade officer on special duty യിലേക്ക് സ്ഥാനക്കയറ്റം നൽകിയത്.

✪✪✪

മാധ്യമ പ്രവർത്തകൻ സനൽ പോറ്റി പുലർച്ചെ കൊച്ചിയിൽ അന്തരിച്ചു. 55 വയസ്സായിരുന്നു. വൃക്കരോഗത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കളമശ്ശേരി SCMS കോളേജിൽ പബ്ലിക് റിലേഷൻസ് മാനേജരായിരുന്നു.

✪✪✪

ശനിയാഴ്ച അന്തരിച്ച കാനത്തിൽ ജമീല MLA യുടെ ഭൗതിക ദേഹം CPIM ജില്ലാ കമ്മറ്റി ഓഫീസിൽ പൊതുദർശനത്തിന് വെച്ചു. മന്ത്രിമാരും രാഷ്ട്രീയ സാംസ്കാരിക മേഖലയിലെ പ്രമുഖരും അന്ത്യാഞ്ജലി അർപ്പിക്കുകയാണ്.

ഖബറടക്കം വൈകീട്ട് കുനിയിൽ കടവ് ജുമാ മസ്ജിദിൽ നടത്തും.

✪✪✪

കുറ്റ്യാടി ചുരത്തിൽ മയക്കുമരുന്ന് മാഫിയക്കെതിരെ ഫലപ്രദ നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ്, കോഴിക്കോട് റൂറൽ ജില്ലാ പൊലീസ് മേധാവിക്ക് നിർദ്ദേശം നൽകി. നടപടി 15 ദിവസത്തിനകം കോഴിക്കോട് ജില്ലാ റൂറൽ പൊലീസ് മേധാവി കമ്മീഷനെ അറിയിക്കണം. മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

✪✪✪

കഥാകാരൻ T പത്മനാഭന്റെ 96-ാം ജന്മദിനാഘോഷം നാളെ രാവിലെ മുതൽ പയ്യന്നൂർ പോത്താംകണ്ടം ആനന്ദഭവനിൽ നടത്തും. സാംസ്കാരിക സമ്മേളനം, ചെണ്ടമേളം, അർജ്ജുനനൃത്തം, മയൂരനൃത്തം, കുമ്മാട്ടി എന്നിവ ചടങ്ങിനോടനുബന്ധിച്ച് അവതരിപ്പിക്കും. രാവിലെ സാംസ്കാരിക സമ്മേളനത്തിൽ മുൻ DGP ഋഷിരാജ് സിംഗ്, മുൻ കലക്ടർ രാജു നാരായണ സ്വാമി തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

**സ്വർണവില കുറഞ്ഞു. പവന് 200 രൂപ താഴ്ന്ന് 95,480 രൂപയിലെത്തി. 11,935 രൂപയാണ് ഗ്രാമിന്.**

✪✪✪

**SSLC, THSLC പരീക്ഷകളുടെ രജിസ്ട്രേഷൻ തിയതി നാളെ വൈകിട്ട് അഞ്ചു വരെ നീട്ടി. അടുത്ത വർഷം മാർച്ച് അഞ്ച് മുതൽ 30 വരെയാണ് പരീക്ഷ.**

✪✪✪

**വിനോദ സഞ്ചാര രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ മലബാർ മേഖലയുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ കോഴിക്കോട്ട് ചേർന്ന ടൂറിസം സംഘടനകളുടെ സംയുക്ത യോഗത്തിൽ തീരുമാനമായി. മലബാർ ചേംബർ ഓഫ് കൊമേഴ്സിന്റെ ആഭിമുഖ്യത്തിലാണ് യോഗം ചേർന്നത്.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*